# കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(കൈ)നം.12/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം :23.03.2022**

പരാമർശം:- 1. ശ്രീമതി.ഷംന.കെ യുടെ 9.2.2021 ലെ അപേക്ഷ.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.02.2021 തീയതിയിലെ C2/84/2021-DSW നമ്പർ കത്ത്.

## ഉത്തരവ്

**1.** ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയിലോ വച്ച് High Altitude കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന/കാണാതാകുന്ന/അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരാശ്രിതന് / ആശ്രിതയ്ക്ക് 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

**2.** സൈനിക സേവനത്തിനിടെ 05.10.2014 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായം ലഭിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**3.** പ്രസ്തുത അപേക്ഷ പരാമർശം 2 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നതും തൊഴിൽ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലതാമസം ഒഴികെ തൊഴിൽ സഹായത്തിനുള്ള മറ്റ് മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

**4.** സർക്കാർ ഈ വിഷയം പരിശോധിച്ചു. അപേക്ഷകയുടെ ഭർത്താവ് Sep.ബിജു.പി മരണപ്പെട്ടത് Operation "Rakshak"-ന്റെ ഭാഗമായി Counter Insurgency Duty ചെയ്യുന്നതിനിടെ ജമ്മുകാശ്മീരിലെ High Altitude Area ൽ "Massive Intracerebral Haemorrhage" കാരണമാണെന്നും മരണം Attributable to Military Service in

Operational Area ആണെന്ന് മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ബോധ്യപ്പെട്ടു. അപേക്ഷകയുടെ ജനനത്തീയതി 05.04.1991 ആണ്. അപേക്ഷ സമർപ്പിക്കാനുള്ള കാലതാമസം ഒഴികെ തൊഴിൽ സഹായത്തിനുള്ള മറ്റ് മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുണ്ടെന്നും തൊഴിൽ സഹായ പദ്ധതി പ്രകാരം അനുവദനീയമായ ക്ലറിക്കൽ തസ്തികയിലേയ്ക്ക് നിയമനത്തിന് പരിഗണിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട്.

**5.** ഈ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, സൈനിക സേവനത്തിനിടെ 05.10.2014 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ, പാറങ്ങോട്ടു ഹൗസ്, മലപ്പട്ടം.പി.ഒ, മലപ്പട്ടം വില്ലേജ്, തളിപ്പറമ്പ് താലൂക്ക്, കണ്ണൂർ ജില്ല-യ്ക്ക് തൊഴിൽ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി സംബന്ധിച്ച 29.04.2002 ലെ G.O(P)110/2002/GAD ഉത്തരവിലെ Clause 7 ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, ടിയാൻ തൊഴിൽ സഹായത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** കണ്ണൂർ ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ.എം**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.ഷംന.കെ, പാറങ്ങോട്ടു ഹൗസ്, മലപ്പട്ടം.പി.ഒ, തളിപ്പറമ്പ് താലൂക്ക്, കണ്ണൂർ ജില്ല -670 631 (Regd post with A/D)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, കണ്ണൂർ
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ